## അഗളി പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി

**161 (3864)** ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സി.എച്ച്.സി. ആയി പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം തന്നെ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്.

## കടംപഴിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റുവാൻ നടപടി

**162 (3865)** ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട കടംപഴിപ്പുറം പി.എച്ച്.സി.യുടെ പ്രവർത്തനം അധികൃതരുടെ അനാസ്ഥ കാരണം പ്രവർത്തന ക്ഷമമല്ലാതായിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥാപനം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) കടംപഴിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സ്ഥാപനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു.

(ബി) സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## തിരുവനന്തപുരത്തെ എസ്.എ.ടി. ആശുപത്രിയോടനുബന്ധിച്ചുള്ള എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം

**163 (3878)** ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയോടനുബന്ധിച്ച എഡ്യൂക്കേഷൻ സൊസൈറ്റി എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly